## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 570 — 04/07/2019-ൽ മറുപടിയ്ക്ക്

## എയ്ഡഡ് വിദ്യാലയങ്ങളുടെ അക്കാദമിക സൗകര്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ബാബു**<br>**ശ്രീ.എ. എൻ. ഷംസീർ**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ**<br>**ശ്രീ.ഐ.ബി. സതീഷ്** | | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ വിദ്യാലയങ്ങൾക്ക് തുല്യമായ പരിഗണന എയ്ഡഡ് വിദ്യാലയങ്ങൾക്ക് നൽകി അവയുടെ ഭൗതിക അക്കാദമിക സൗകര്യം മെച്ചപ്പെടുത്താൻ പദ്ധതിയുണ്ടോ; സ്വകാര്യ വിദ്യാലയങ്ങൾക്കുള്ള ചാലഞ്ച് ഫണ്ടിനായി എത്ര വിദ്യാലയങ്ങൾ മാസ്റ്റർ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്; | (എ) | ഉണ്ട്. എയ്ഡഡ് വിദ്യാലയങ്ങൾക്കുള്ള ചാലഞ്ച് ഫണ്ടിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള 44 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയി ട്ടുണ്ട്. |
| (ബി) | വിദ്യാലയങ്ങളുടെ അക്കാദമിക പരിസരം മെച്ചപ്പെടുത്താൻ പി.റ്റി.എ.യുടെയും വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളു ടെയും പ്രവർത്തന പരിമിതി മറി കടക്കാൻ ജനകീയ കമ്മിറ്റികൾ വ്യാപകമാക്കാൻവേണ്ട ഇടപെടൽ സാധ്യമാകുമോ; | (ബി) | നിലവിൽ ഉദ്ദേശ്യമില്ല. |
| (സി) | അറിവ് മാതൃഭാഷയിൽ പകർന്നു നൽകുകയെന്ന ലക്ഷ്യം എത്ര മാത്രം പ്രാവർത്തികമായിട്ടുണ്ട്; ഹയർസെക്കന്ററി തലം വരെ മാതൃഭാഷാ പഠനം നിർബന്ധിത മാക്കാൻ സാധ്യമായിട്ടുണ്ടോ; | (സി) | 2017-ലെ മലയാളഭാഷാ പഠന ആക്റ്റിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്ന തിന് മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. 2018-19 അക്കാദമിക വർഷം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരം |

| | | | |
|---|---|---|---|
| | | | വരെ മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ നടത്തുന്നതിനായി എല്ലാ റവന്യൂ/വിദ്യാഭ്യാസ ജില്ലാ തലങ്ങളിലും പരിശോധകരുടെ പാനൽ രൂപീകരിക്കുകയും ചട്ടപ്രകാരമുള്ള പരിശോധനകൾ നടന്നു വരികയും ചെയ്യുന്നു.<br>ഹയർ സെക്കന്ററിതലത്തിൽ മാതൃഭാഷാ പഠനം നിർബന്ധമാക്കിയിട്ടില്ല. |
| (ഡി) | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പൊതുധാരയിൽ ഉൾച്ചേർക്കുന്നതിനുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കാമോ? | (ഡി) | വൈദ്യപരിശോധന ക്യാമ്പ്, ഭിന്നശേഷി കുട്ടികൾക്കായുള്ള കലാ-കായിക പ്രകടനങ്ങൾ, സാമൂഹിക ഉൾചേർക്കൽ സഹായ ഉപകരണ വിതരണം, തെറാപ്പികൾ, ഭൗതിക സാഹചര്യം ഒരുക്കൽ, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

Namitha T

സെക്ഷൻ ഓഫീസർ